## 1137

ജയ! ജയ! ക്രിസ്തുവിൻ തിരുനാമം പാപികൾക്കാനന്ദ വിശ്രാമം
ജയ! ജയ! നിർമ്മല സുവിശേഷം കുരിശിൻ നിസ്തുല സന്ദേശം

1 പാപം തരുവതു വൻമരണം ശാപം നിറയുമെരിനരകം
കൃപയാൽ ദൈവം നൽകുവതോ ക്രിസ്തുവിൽ പാപവിമോചനമേ-

2 നരകാഗ്നിയിൽ നാമെരിയാതെ ചിരകാലം നാം വലയാതെ
പരഗതി നമ്മൾക്കരുളാനായ് പരമസുതൻ വന്നിഹ നരനായ്-

3 ആത്മവിശപ്പിനു വിരുന്നും വൻ പാപവിഷത്തിനു മരുന്നും താൻ
തീരാവിനകൾ തീർക്കുമവൻ ധാരാളം കൃപ നൽകുമവൻ-

4 കുരിശിൽ ചിന്തിയ തൻചോരക്കൊരു നികരുണ്ടോയിനി വേറെ
തിരുനാമം പോലൊരു നാമം തരുമോ ശാശ്വത വിശ്രാമം?

5 ഇതുപോലിനിയാർ സ്നേഹിപ്പാൻ ഇതുപോലാരിനി സേവിപ്പാൻ
അനുദിനം നമ്മെ പാലിപ്പാൻ ആരുണ്ടിതുപോൽ വല്ലഭനായ്-

6 ഗുരുവരനേശുവിന്നരികിൽ വരുമ്പോഴുതാനന്ദം പരമാനന്ദം
തിരനിര തീർന്നിനിയക്കരെ നാട്ടിൽ ചേരുമ്പോഴെന്താനന്ദം!-
**M.E.C.**